# പ്രത്യാശയുടെ പൂത്താലവുമായി പുതുവർഷം

ഇനിയൊരിക്കലും തിരിച്ചുവരാതെ പടിയിറങ്ങിപ്പോയ 2009 ന്റെ ജയപരാജയങ്ങളുടെ കണക്കെടുപ്പ് തുടരുമ്പോഴും പ്രത്യാശയുടെ പൊൻകിരണങ്ങൾ പൊഴിച്ച് പുതിയൊരു വർഷം ആരുടെയും അനുവാദം വാങ്ങാതെ മനുഷ്യജീവിതത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞു. പുതിയ വർഷം എന്നും മനുഷ്യരുടെ മനസുകളിൽ ആഹ്ലാദത്തിന്റെയും സന്തോഷത്തിന്റെയും പ്രതീക്ഷകളാണ് പകരുന്നത്. പുതിയതെന്നും മനുഷ്യനെ വിസ്മയിപ്പിക്കാറുണ്ടല്ലോ.

ലോകത്തിലാദ്യം കറുത്തവംശജനായ ഒരു വ്യക്തി അമേരിക്കൻ സിംഹാസനത്തിൽ അവരോധിതനായതും ലോകത്തിന് മുന്നിൽ ഒരു കരിമ്പടം പോലെ പുതഞ്ഞ് നിന്ന സാമ്പത്തിക മാന്ദ്യവുമാണ് പോയവർഷത്തിന്റെ ആദ്യദിനങ്ങളിൽ വാർത്താമാദ്ധ്യമങ്ങളിൽ നിറഞ്ഞുനിന്നത്. ലോകത്തിലെവിടെയും എപ്പോഴും ഒരു തീവ്രവാദ ആക്രമണം ഉണ്ടായേക്കാമെന്ന ഭീതി വർഷം മുഴുവനും നിറഞ്ഞുനിന്നു. ലോകാരോഗ്യ സംഘടന ലോകമെങ്ങും പരക്കുവാൻ സാദ്ധ്യതയുള്ള പന്നിപ്പനിയെക്കുറിച്ച് വളരെ ഗൗരവത്തോടെ മുന്നറിയിപ്പ് നൽകിയതോടെ ആരോഗ്യരംഗത്തും ആശങ്കകൾ നിറഞ്ഞുനിന്നു. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവുമൊക്കെ വൻചർച്ചാവിഷയങ്ങളായി മാറി. ഇറാന്റെ ഹുങ്കാരശബ്ദങ്ങളും ഇസ്രായേലിന്റെ ആക്രമഭീഷണികളും അന്താരാഷ്ട്ര ലോകത്തെ മുൾമുനയിൽ നിർത്തിയെങ്കിലും വലിയ പ്രതിസന്ധികളില്ലാതെ 2009 ഒഴിഞ്ഞുമാറി.

2010 ലേക്കെത്തുമ്പോൾ സാമ്പത്തിക പ്രതിസന്ധിയുടെ കാർമേഘം അന്തരീക്ഷത്തിൽ ഒഴിഞ്ഞുമാറുന്നതിന്റെ സൂചനകളാൽ ലോകത്തിനാകെ ഉണർവ്വ് അനുഭവപ്പെടുന്നു. ജോലി നഷ്ടപ്പെട്ടവരുടെ വിലാപങ്ങൾ സന്തോഷത്തിലേക്കും ആശ്വാസത്തിലേക്കും നീങ്ങുകയാണ്. ദുബായിയുടെ സാമ്പത്തിക കടക്കെണി വർഷാവസാനത്തിൽ കല്ലുകടിയായി അനുഭവപ്പെട്ടെങ്കിലും സ്റ്റോക്ക് മാർക്കറ്റിലും സാമ്പത്തിക കൈമാറ്റമേഖലകളിലും വൻ ഉണർവ്വ് പ്രത്യക്ഷമാണ്. 2010 ലോകത്തിന് സമൃദ്ധിയും ഐശ്വര്യവും സമ്മാനിക്കുമെന്ന് ശുഭാപ്തി വിശ്വാസികൾ കരുതുന്നു.

ഓരോ പുതിയ വർഷവും തിരിഞ്ഞുനോട്ടത്തിന്റെയും പുത്തൻ തീരുമാനങ്ങളുടെയും സന്ദർഭങ്ങളാണ്. നഷ്ടപ്പെട്ടുപോയ സാദ്ധ്യതകളും പ്രവർത്തനങ്ങളിലെ പാളിച്ചകളും തിരിച്ചറിഞ്ഞ് ദുഃഖിക്കുന്നതിന് പകരം പുതുവർഷത്തെ പുത്തൻ വെല്ലുവിളികളെ സധൈര്യം നേരിടുവാൻ ചുവടുകൾ മുന്നോട്ട് വയ്ക്കുകയാണ് ഏറ്റവും കരണീയം. നഷ്ടപ്പെട്ടതൊന്നും തിരിച്ചുപിടിക്കാനോ നാളെ കരുതിവച്ചിരിക്കുന്ന അനിശ്ചിതത്വങ്ങളെ മുൻകൂട്ടി തിരിച്ചറിയാനാവാത്ത മനുഷ്യജന്മങ്ങൾ മുമ്പോട്ട് പോകുക തന്നെ വേണം. മറ്റൊരു വഴിയും ഇല്ലായെന്നത് ഒരു യാഥാർത്ഥ്യം.

2010 ൽ എന്തൊക്കെ സംഭവിക്കുമെന്നോർത്ത് വേവലാതിപ്പെടേണ്ടവരല്ല ദൈവമക്കൾ. അവർക്ക് വളരെ ശോഭനമായ ഒരു പ്രത്യാശ കൈമുതലായുണ്ടല്ലോ. എന്നാൽ വളരെ ശ്രദ്ധയോടെ നോക്കേണ്ട വളരെ പ്രധാനപ്പെട്ട യാഥാർത്ഥ്യമുണ്ട്. ഈ ലോകത്തിൽ ഇനി സംഭവിക്കാനുള്ള,

ദൈവമക്കളുടെ പ്രത്യാശയായ ക്രിസ്തുവിന്റെ പ്രത്യക്ഷത 2010 ലെ കലണ്ടറിലെ ഏതെങ്കിലും ദിവസങ്ങളിൽ അത് ഒളിഞ്ഞിരിപ്പുണ്ടോ? നാഥന്റെ വരവിൻ ആർപ്പുവിളികൾ ചക്രവാളത്തിലെവിടെയോ മുഴങ്ങുന്നില്ലേ? ലോക സംഭവങ്ങൾ സസൂക്ഷ്മം വീക്ഷിക്കുന്ന ഏതൊരു സാധാരണക്കാരന് പോലും കാഹളത്തിന്റെ മുഴക്കം അടുത്തെത്തുന്നതായി തിരിച്ചറിയാൻ കഴിയുന്നുണ്ട്.

ജോലിയിലും ഔദ്യോഗിക ചുതലകളുടെ നിർവഹണങ്ങളിലും കുടുംബ സംബന്ധമായ വിഷയങ്ങളിലും വളരെ ശ്രദ്ധ പുലർത്തുമ്പോഴും കർത്താവിന്റെ മടങ്ങിവരിവിന് വേണ്ടി കാതോർക്കുകയും അതോടൊപ്പം ഒരുങ്ങുകയും ചെയ്യുക ഓരോ കർത്തൃവിശ്വാസിയുടെയും കർത്തവ്യമാണ്. WWG ന്യൂസിന്റെ എല്ലാ വായനക്കാർക്കും സന്തോഷസമൃദ്ധവും വിശ്വാസത്തിന്റെ സമ്പന്നതയും പ്രത്യാശയുടെ നിറവുമുള്ള പുതുവത്സരാശംസകൾ.